# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209 - 26.03.2013-ലെ മറുപടിക്ക്**

## പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനു നടപടി

**ചോദ്യം**
**ശ്രീ. മോൻസ് ജോസഫ്**
**(ശ്രീ. സി. എഫ്. തോമസ്**
**(ശ്രീ. തോമസ് ഉണ്ണിയാടൻ**
**(ശ്രീ. റ്റി.യു. കുരുവിള**

**ഉത്തരം**
**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് പദ്ധതികളുടെ ഭരണാനുമതി കാലതാമസം കൂടാതെ നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട സ്കീമുകൾ വേഗത്തിൽ ഭരണാനുമതി നൽകുന്നതിനായി 6.8.2008 ലെ സർക്കാർ ഉത്തരവ് നമ്പർ. 351/08 പ്രകാരം വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് പരിഗണിച്ച് ഭരണാനുമതി നൽകുന്ന പദ്ധതി 1 കോടി രൂപയിൽ നിന്നും 3 കോടി രൂപയായി ഉയർത്തുകയുണ്ടായി. കൂടാതെ 3 കോടി രൂപയിൽ കൂടുതൽ വരുന്ന സ്കീമുകൾക്കായി ഒരു സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് സംവിധാനവും ഏർപ്പെടുത്തുകയുണ്ടായി. ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനും സെക്രട്ടറി (ആസൂത്രണം), ധനകാര്യ (എക്സ്പെൻഡിച്ചർ), ധനകാര്യ(റിസോഴ്സ്) സെക്രട്ടറിമാർ, ബന്ധപ്പെട്ട വകുപ്പു സെക്രട്ടറി, വകുപ്പ് തലവൻ എന്നിവർ ഉൾക്കൊള്ളുന്നതാണ് ഈ കർമ്മ സമിതിയുടെ (സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്) ഘടന. മൂന്ന് കോടി രൂപയ്ക്കു മുകളിൽ |

| | |
|---|---|
| | അടങ്കൽ വരുന്ന പദ്ധതികളാണ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിച്ചിരുന്നത്. എന്നാൽ ഭരണ വകുപ്പിന് കൂടുതൽ അധികാരം നൽകിക്കൊണ്ട് 29.02.2012-ലെ 137/2012/ധന നമ്പർ ഉത്തരവ് പ്രകാരം 5 കോടി രൂപ വരെയുള്ള പദ്ധതികൾ പരിഗണിക്കുന്നതിനുള്ള അധികാരം ഭരണവകുപ്പിന് നൽകുകയും 5 കോടിയ്ക്ക് മുകളിൽ അടങ്കൽ വരുന്ന പദ്ധതികൾ **സ്പെഷ്യൽ** വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിയ്ക്കാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റി കുറഞ്ഞത് മാസത്തിൽ ഒരു തവണ എങ്കിലും കൂടുകയും ഭരണാനുമതി തേടുന്ന പദ്ധതിയുടെ ആവശ്യകത, പദ്ധതിയുടെ വിവിധ ഘടകങ്ങൾ, അതിനോരോന്നിനും വേണ്ട തുക, സ്വഭാവം, (സംസ്ഥാന പദ്ധതി/അധിക കേന്ദ്ര സഹായം/കേന്ദ്രാവിഷ്കൃത പദ്ധതി), ഓരോ വർഷവും വേണ്ടി വരുന്ന ചെലവ്, ചെയ്തു തീർക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പരിപാടി, ബഡ്ജറ്റ് വിഹിതം, പദ്ധതി നടത്തിപ്പ്, വിലയിരുത്തൽ എന്നിവയ്ക്കുള്ള ഏജൻസികൾ/സംവിധാനങ്ങൾ എന്നിവ വ്യക്തമാക്കിക്കൊണ്ട് ഭരണ വകുപ്പു സെക്രട്ടറി നിർദ്ദിഷ്ട ഫോറത്തിലുള്ള പ്രൊപ്പോസൽ മേൽപ്പടി കമ്മിറ്റി കൂടുന്നതിന് രണ്ടാഴ്ച മുമ്പ് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിക്കും പ്ലാനിംഗ് |

| | |
|---|---|
| | സെക്രട്ടറിക്കും നൽകേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന പ്രൊപ്പോസൽ ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട വിഭാഗത്തിൽ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി സമിതിയുടെ പരിഗണ നയ്ക്ക് സമർപ്പിക്കുന്നു. സമിതി പ്രൊപ്പോസൽ വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും ആ തീരുമാനം ഭരണ വകുപ്പിനെ അറിയിക്കുകയും ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്നു.ഒരേ വേദിയിൽ ബന്ധപ്പെട്ട സെക്രട്ടറിമാർ ഇരുന്ന് ചർച്ച ചെയ്യുന്നതിനാൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് ഫയൽ ഭരണ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിലേയ്ക്കും കൂടുതൽ വിശദീകരണ ത്തിനായി ഭരണ വകുപ്പിലേയ്ക്ക് വീണ്ടും വീണ്ടും അയയ്ക്കേണ്ടി വരുന്നില്ല. ഇത് അനാവശ്യമായ കാലതാമസം ഒഴിവാക്കി പദ്ധതികൾ സമയബന്ധിതമായി നടപ്പി ലാക്കാൻ സഹായിക്കുന്നു. ഭരണ വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കു മുള്ള സാമ്പത്തികാധികാരങ്ങളുടെ പരിധി പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഇത്തരം വികസന പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കു മെന്ന് വ്യക്തമാക്കാമോ ? | 2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതികൾ വേഗത്തിലും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നടപടികൾ കൈക്കൊള്ളുന്നതാണെന്ന് 2013-2014 വർഷത്തെ ബഡ്ജറ്റ് |

| | |
|---|---|
| | പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.<br>I. കാലവിളംബം ഒഴിവാക്കുന്നതിന് പദ്ധതികളുടെ രൂപകല്പന ഏപ്രിൽ-മെയ് മാസങ്ങളിൽത്തന്നെ പൂർത്തിയാക്കുന്നതാണ്. പദ്ധതികൾ രൂപകല്പന ചെയ്യുന്നതിന് സാങ്കേതികവിദഗ്ദരുടെ സേവനം വിവിധതലങ്ങളിൽ പ്രയോജനപ്പെടുത്തുന്നതാണ്.<br>II. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പദ്ധതിനിർവ്വഹണത്തിൽ വിദഗ്ദപരിശീലനം ലഭ്യമാക്കുന്നതാണ്.<br>III. ഗവൺമെന്റ് സെക്രട്ടറിമാരുടെയും വകുപ്പുമേധാവികളുടെയും പൊതുനിയന്ത്രണത്തിനു വിധേയമായി ഓരോ പദ്ധതിയുടെയും നിർവ്വഹണ ഉത്തരവാദിത്തം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കുന്നതാണ്. പദ്ധതി പ്രവർത്തനങ്ങൾ നിരന്തരമായി മോണിറ്റർ ചെയ്യുക എന്നത് ഇദ്ദേഹത്തിന്റെ ചുമതലയായിരിക്കും. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി നടത്തിപ്പിൽ കാര്യക്ഷമത പ്രകടിപ്പിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് മതിയായ പ്രോത്സാഹനവും അംഗീകാരവും നൽകുന്നതായിരിക്കും. അതോടൊപ്പം ഈ രംഗത്ത് |

| | |
|---|---|
| | പ്രകടിപ്പിക്കുന്ന കുറ്റകരമായ വീഴ്ചകളെ ഗവണ്മെന്റ് ഗൗരവമായി കാണുന്നതും അതിനെതിരെ യുക്തവും കർശനവുമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്.<br>IV. ഇലക്ട്രോണിക് സംവിധാനത്തിലൂടെ പദ്ധതികൾക്ക് അനുമതി നല്കുന്നതും ഫണ്ടു വിതരണം നടത്തുന്നതും പദ്ധതികൾ മോണിട്ടർ ചെയ്യുന്നതുമാണ്.<br>V. ബഡ്ജറ്റ് പ്രസംഗത്തിലെ പുതിയ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നത് ഉറപ്പുവരുത്തുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതും പദ്ധതികൾ സമയ ബന്ധിതമായി നടക്കുന്നു എന്നു ഉറപ്പു വരുത്തുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**